# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 562 — 29.06.15 ൽ മറുപടിയ്ക്ക്

### വൈക്കം താലൂക്കിലെ ഖനന അനുമതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.അജിത് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ എത്ര ഖനന അനുമതികളാണ് നൽകിയിട്ടുള്ളതെന്നും ഇവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ; | (എ) | 04.12.2014 മുതൽ 09.06.2015 – വരെ കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റത്തിൽ അനുമതി നൽകിയിട്ടില്ല. സാധാരണ മണലിന് ശ്രീ. കെ.കെ.ഹരിഹരൻ, കൃഷ്ണശ്രീ, തോന്നല്ലൂർ, മേവെള്ളൂർ.പി.ഒ, വൈക്കം എന്നയാൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. സാധാരണ മണ്ണിന് ശ്രീ.രമേശൻ, വെള്ളിലാം ചുവട്ടിൽ വീട്, കെ.എസ്.പുരം, അറുനൂറ്റിമംഗലം.പി.ഒ എന്ന വ്യക്തിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഖനനാനുമതിയ്ക്ക് എന്തെല്ലാം നിബന്ധനകളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ. |
| (സി) | അനധികൃത ഖനനത്തിനെതിരെ വൈക്കം താലൂക്കിൽ കഴിഞ്ഞ ആറു മാസത്തിനിടയിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | വൈക്കം താലൂക്കിൽ 2014 ഡിസംബർ മാസം മുതൽ 2015 മെയ് മാസം വരെ നടത്തിയ 31 പരിശോധനകളിൽ സാധാരണ മണ്ണിന്റെ 6 അനധികൃത ഖനനങ്ങളും, സാധാരണ മണലിന്റെ 3 അനധികൃത ഖനനങ്ങളും, ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോണിന്റെ 2 അനധികൃത കടത്തും കണ്ടെത്തുകയും ടി കേസുകൾ തീർപ്പ് കൽപ്പിച്ച് 9,96,138/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ